# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3158 — 18/10/2016-ൽ മറുപടിക്ക്

### പാലക്കാട് ജില്ലയിൽ കെ.എസ്.ഇ.ബി.സെക്ഷൻ ഓഫീസുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.ഉണ്ണി | | ശ്രീ. കടകം പള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | പാലക്കാട് ജില്ലയിൽ 1-7-2011 മുതൽ 31-3-2016 വരെയുള്ള കാലയളവിൽ എത്ര കെ.എസ്.ഇ. ബി. സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) | പാലക്കാട് ജില്ലയിൽ 01.07.2011 മുതൽ 31.03.2016 വരെയുള്ള കാലയളവിൽ കൂട്ടുപാത, ഓങ്ങല്ലൂർ, വണ്ടിത്താവളം, വടവന്നൂർ, വാളയാർ, കായറാടി, ലക്കിടി കൂട്ടുപാത, കമ്പിടി, വിളയൂർ എന്നീ 9 സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | അതിൽ എത്ര എണ്ണം ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ; | (ബി) | ഇതിൽ കൂട്ടുപാത, ഓങ്ങല്ലൂർ, വണ്ടിത്താവളം, വടവന്നൂർ, കമ്പിടി എന്നീ 5 സെക്ഷൻ ഓഫീസുകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. |
| (സി) | ലക്കിടി-പേരൂർ സെക്ഷൻ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പ്രവർത്തനം തുടങ്ങുമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (സി) | പത്തിരിപ്പാല, ഒറ്റപ്പാലം എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് ലക്കിടി കൂട്ടുപാത എന്ന പേരിൽ ഒരു പുതിയ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിച്ചിട്ടുണ്ട്. ബോർഡ് ചിലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുന്നതോ അല്ലെങ്കിൽ വാടകരഹിത കെട്ടിടമോ ലഭിക്കുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനാണ് ബോർഡിന്റെ തീരുമാനം. മേൽസൂചിപ്പിച്ചത് പ്രകാരം സ്ഥലമോ കെട്ടിടമോ ലഭ്യമല്ലാത്തതിനാലാണ് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാൻ സാധിക്കാത്തത്. |

സെക്ഷൻ ഓഫീസർ